




എറണാകുളം ജില്ലയിൽ കരിമുകൾ എന്ന ഗ്രാമത്തെ കരിയിൽ മുക്കിയ ഫിലിപ്സ് കാർബൺ കമ്പനിക്കെതിരെ നടന്ന നാട്ടുകാരുടെ സമരം ഇത്തരം ഫാക്ടറികൾ കേരളത്തെപ്പോലെ ജനസാന്ദ്രതയുള്ള പ്രദേശങ്ങൾക്ക് ഒരിക്കലും അനുയോജ്യമല്ലെന്ന തിരിച്ചറിവ് അധികാരികൾക്ക് നൽകി

# കരിമുകളിലെ കാർബൺ സമരം

ഡോ. നന്ദകുമാർ

എറണാകുളം ജില്ലയിൽ കരിമുകൾ എന്ന സ്ഥലത്ത് 1978 ഏപ്രിലിലാണ് ആർ. പി.ജി. ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള ഫിലിപ്പ് കാർബൺ ബ്ലാക്ക് കമ്പനി സ്ഥാപിതമായത്. എണ്ണ ശുദ്ധീകരണശാലകളിൽനിന്നും പുറന്തള്ളുന്ന വസ്തുക്കളിൽനിന്നാണ് കാർബൺ ബ്ലാക്ക് ഉൽപ്പാദിപ്പിക്കുന്നത്. ഇത് രാസവസ്തുക്കളും വായുവുമായി കൂട്ടിക്കലർത്തി റിയാക്ടറിൽ ഉയർന്ന താപനിലയിൽ കടത്തിവിട്ട് ക്രാക്കിങ്ങ് എന്ന പ്രക്രിയയിലൂടെ കാർബണും മറ്റ് അനേകം വാതകങ്ങളുമുണ്ടാക്കുന്നു. ക്രാക്കിങ്ങിനുശേഷം കേക്ക് രൂപത്തിലുണ്ടാക്കുന്ന കാർബൺ ബ്ലാക്ക് പൊടിരൂപത്തിലാക്കി ഫിൽട്ടർ വഴി സ്റ്റോറേജിലേക്ക് മാറ്റുന്നു. റിയാക്ടറിൽനിന്നുള്ള വാതകങ്ങൾ അടങ്ങിയ ഫ്ളൂഗ്യാസ് റീസൈക്ലിംഗിനും സ്റ്റീമുണ്ടാക്കാനും ഉപയോഗിക്കുന്നു.

ഈ പ്രവർത്തനങ്ങളുടെയൊക്കെ അനുബന്ധമായി കരിപ്പൊടിയും ഒട്ടനവധി വിഷവാതകങ്ങളും അന്തരീക്ഷത്തിലേക്ക് പുറന്തള്ളപ്പെടുന്നു. അടിമുടി പരിസരമലിനീകരണമാണ് കമ്പനി പ്രവർത്തിക്കുന്നതുവഴി സംഭവിക്കുന്നത്. ജലമലിനീകരണവും ശബ്ദമലിനീകരണവും മനുഷ്യർ, സസ്യജാലങ്ങൾ, മൃഗങ്ങൾ എന്നിവയുടെ നിലനിൽപുതന്നെ അപകടത്തിലാക്കുന്നു.

ശ്വാസകോശത്തിലും ഉദരത്തിലും അന്തരീക്ഷത്തിൽനിന്നും അടിഞ്ഞുകൂടുന്ന കരിപ്പൊടി ബ്രോങ്കൈറ്റീസ്, ശ്വാസകോശരോഗങ്ങൾ എന്നിവ ഉണ്ടാക്കുന്നു. ഏറെ കാലത്തെ കരിപ്പൊടി സാമീപ്യം മനുഷ്യരിൽ ത്വക് രോഗങ്ങൾക്ക് കാരണമാകുന്നു.

മൃഗങ്ങളുടെ വളർച്ച മുരടിപ്പിക്കുന്നതിനും അവയുടെ ശരീരത്തിൽ മാരകരോഗങ്ങൾ വരുത്തുന്നതിനും ഇടയാകുന്നു. ചെടികളും വൃക്ഷങ്ങളും ഇലകൾ കരിപ്പൊടിമൂടി സൂര്യപ്രകാശം ലഭിക്കാതെ നശിച്ചുപോകുന്നു. പ്രകൃതിയുടെ നിലനിൽപിന് ആവശ്യമായ ഓക്സിജന്റെ അളവ് അന്തരീക്ഷത്തിൽ കുറയുകയും പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് കോട്ടം തട്ടുകയും ചെയ്യുന്നു.

കമ്പനിയിൽനിന്ന് പുറത്തുവരുന്ന വിഷവാതകങ്ങൾ വരുത്തിവയ്ക്കുന്ന ഭവിഷ്യത്തുക്കൾ എണ്ണമറ്റതാണ്. തലച്ചോറിനേയും ഞരമ്പുകളേയും ബാധിക്കുന്ന ഹൈഡ്രജൻ സൾഫൈഡ്, ബോധക്ഷയം, ബുദ്ധിമാന്ദ്യം എന്നിവക്ക് കാരണമായ കാർബൺ മോണോക്സൈഡ്, മൃഗങ്ങളെ നേരിട്ട് ബാധിക്കുന്ന മെർക്യാപ്റ്റൻ എന്നീ വാതകങ്ങൾ അവയിൽ ചിലതുമാത്രം.

കമ്പനിയിൽനിന്നും പുറത്തുവിടുന്ന മലിനജലം പാടത്തേക്ക് തുറന്നുവിടുന്നതുമൂലം ആ സ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമല്ലാതായി. മത്സ്യസമ്പത്തും ചെറിയ കൃമികീടങ്ങളും നാമാവശേഷമായി. ജലസ്രോതസ്സുകൾ ഉപയോഗശൂന്യമായി.

ഇതിനൊക്കെപ്പുറമേയാണ് കമ്പനിയിലെ യന്ത്രങ്ങൾ ഉണ്ടാക്കുന്ന ശബ്ദമലിനീകരണം. അനുവദനീയമായ 55 ഡെസിബലിനേക്കാളും എത്രയോ മടങ്ങാണ് ഇവിടെയുള്ളത്. സ്വസ്ഥജീവിതം ഇതുമൂലം അസാദ്ധ്യമാകുന്നു. കേൾവിക്കുറവും സംഭവിക്കുന്നു. കരിമുകളിലും പരിസരത്തും ക്യാൻസർ മൂലം മരണമടഞ്ഞവരുടെ എണ്ണം വളരെ കൂടുതലാണ്. വിട്ടുമാറാത്ത തലവേദനയും ആസ്തമയും തദ്ദേശവാസികളിൽ സർവ്വസാധാരണമാണ്.

ഈ കമ്പനി സ്ഥാപിതമായതിനുശേഷം കരിമുകളിന്റേയും പരിസരപ്രദേശങ്ങളുടേയും വികസനമാണ് കൂമ്പടഞ്ഞുപോയത്. ഇവിടെയുണ്ടായിരുന്ന പൊതുസ്ഥാപനങ്ങൾ പലതും മറ്റു സ്ഥലങ്ങളിലേക്ക് മാറ്റപ്പെട്ടു. ഭൂമിയുടെ വില കുത്തനെ ഇടിഞ്ഞു. ജനങ്ങൾ ഇപ്പോഴും ഒഴിഞ്ഞുപോയിക്കൊണ്ടിരിക്കുന്നു.

ജനങ്ങളുടെ കൂട്ടായ എതിർപ്പിന്റെയും സമരത്തിന്റെയും ഫലമായി കഴിഞ്ഞ കുറേ വർഷങ്ങളായി കമ്പനി പ്രവർത്തന രഹിതമാണ്. എന്നാൽ എന്നെന്നേക്കുമായി കമ്പനിയെ ഇവിടെ നിന്നും പുറത്താക്കുക എന്നതാണ് നാട്ടുകാരുടെ ആവശ്യം. പ്രകൃതിയുടെ സ്രോതസ്സുകൾ നിർദ്ദയം ചൂഷണം ചെയ്ത് എങ്ങനെ അമിതലാഭം കൊയ്യാമെന്ന കോർപ്പറേറ്റ് ശൈലിയ്ക്കും ഏതാനും ചിലരുടെ പോക്കറ്റ് വീർപ്പിക്കുന്നതിന് ഈ നാടിനെ മുഴുവൻ എങ്ങനെ നശിപ്പിച്ചൊതുക്കാമെന്നതിനും ഉത്തമദൃഷ്ടാന്തമാണ് കരിമുകൾ സംഭവം. പരിസ്ഥിതി മലിനീകരണം നടത്തുന്ന ഇത്തരം ഫാക്ടറികൾ കേരളത്തെപ്പോലെ ജനസാന്ദ്രതയുള്ള പ്രദേശങ്ങൾക്ക് ഒരിക്കലും അനുയോജ്യമല്ലെന്ന തിരിച്ചറിവാണ് അധികാരികൾക്ക് ഉണ്ടാവേണ്ടത്.

*ബന്ധങ്ങൾക്ക്: കാർബൺ മലിനീകരണ വിരുദ്ധസമിതി കരിമുകൾ, പുത്തൻകുരിശ് പി. ഒ, എറണാകുളം. ഫോൺ: 0484 2720312*